# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1452 — 03/10/2016 -ൽ മറുപടിക്ക്

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആധുനിക കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുമെന്നും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റും എന്നുമുള്ള ഗവർണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പി.എച്ച്.സിയിലെ ഡോക്ടർമാരുടെ സേവനങ്ങൾ വിപുലപ്പെടുത്താനുള്ള മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായി വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക പരിശീലന പരിപാടികൾ ഏർപ്പെടുത്തേണ്ടതുണ്ട്. |
| (ബി) | ഒരു നിയോജക മണ്ഡലത്തിൽ എത്ര ആധുനിക കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഈ നിലയിലേക്കു മാറ്റാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (ബി) യും സി യും | ഈ പദ്ധതി ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്. പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്ന വേളയിൽ മാത്രമേ ഇക്കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളൂ. |
| സി) | കാസർഗോഡ് ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആധുനിക കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്നും അവ ഏതെല്ലാമെന്നും ഉള്ളതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ; ഇതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ